# ശൈഖ്
# അബൂത്വാരിഖ് സുബൈർ മുഹമ്മദ്
# [حفظه الله]യുടെ
# വൈജ്ഞാനികസേവനങ്ങൾ

www.ilmussalaf.com, radio.ilmussalaf.com

കേരള മുസ്ലിംകളുടെ കഴിഞ്ഞ നൂറു കൊല്ലത്തെ അനുഭവത്തിൽ മറ്റൊരു സംഘടനയും ചെയ്യാത്ത എന്ത് സേവനമാണ് മുജാഹിദ് പ്രസ്ഥാനം കേരള മുസ്‌ലിംകൾക്ക് പ്രത്യേകമായി നൽകിയത്?!. അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ അഖീദയും മൻഹജും സ്വഹാബത്തും സ്വലഫുസ്സ്വാലിഹുകളും മനസ്സിലാക്കിയ രൂപത്തിൽ കേരളത്തിലെ മുസ്‌ലിംകളെ പഠിപ്പിക്കുന്നതിൽ മുജാഹിദ് പ്രസ്ഥാനം എത്രമാത്രം ശുഷ്കാന്തി കാണിച്ചിട്ടുണ്ട്?!

മദ്റസകൾ, കോളേജുകൾ, കോംപ്ലക്സുകൾ, ആതുരാലയങ്ങൾ, സ്കൂളുകൾ എല്ലാം ഇവിടെ എല്ലാവിഭാഗക്കാരും മത്സരിച്ചു ഉണ്ടാക്കിയിട്ടുണ്ട്. അപ്പോൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രത്യേക സാന്നിദ്ധ്യം ഒരിക്കലും ഇത്തരം സംഗതികളിൽ അനിവാര്യമാകുന്നില്ല. പിന്നെ ഈയിടെയായി മറ്റു മുസ്‌ലിം മതവിഭാഗങ്ങൾ ഒന്നും ചെയ്യാത്ത വിധത്തിൽ വ്യത്യസ്ഥ വിഭാഗങ്ങളായി ചേരിതിരിഞ്ഞ് പടലപ്പിണക്കങ്ങൾകൊണ്ട് കേരള മുസ്‌ലിം പൊതുസമൂഹത്തെ അക്ഷരാർത്ഥത്തിൽ വീർപ്പുമുട്ടിക്കുക എന്നക്രൂരത കൂടി അവർ ചെയ്തിട്ടുണ്ട്.

എന്നാൽ കേരളത്തിൽ മുജാഹിദ് പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കൾ തൊട്ട് ഇന്ന് പരസ്പരം കടിച്ചുകീറിക്കൊണ്ടിരിക്കുന്ന അഞ്ചാംകിട ആറാംകിട നേതാക്കൾവരെയുള്ള ആളുകൾ എഴുതുകയോ വിശദീകരിക്കുകയോ അണികളെ പഠിപ്പിക്കുകയോ ചെയ്ത തൗഹീദിന്റേയും സുന്നത്തിന്റേയും പ്രാമാണിക ഗ്രന്ഥങ്ങളും ലേഖനങ്ങളും ഒരു സാധാരണമുസ്‌ലിമിന്ന് അവലംബിക്കാൻ യോഗ്യമായ പ്രഭാഷണ സമാഹരണങ്ങളും എവിടെ? ഈ ചോദ്യം കേരളത്തിലെ മുഴുവൻ മുജാഹിദുകളോടുമാണ്. പെട്ടെന്ന് എന്തെങ്കിലും പൊട്ടത്തരം പറഞ്ഞ് വെട്ടിൽ വീഴണ്ട. നന്നായി ആലോചിച്ച് സാവകാശം ഉത്തരം പറഞ്ഞാൽമതി.

കാലിൽ തടയാൻമാത്രം 'മത'പ്രബോധക സംഘടനകൾ വളർന്ന് മൂത്ത് മുള്ള് വെച്ച് നിൽക്കുന്ന കേരളത്തിൽ ദീൻ പഠിപ്പിക്കുക എന്നത് ഒരു ഉത്തരവാദിത്തമാണ് എന്നുപോലും തിരിച്ചറിവില്ലാത്ത യുവസമൂഹത്തിന് മുമ്പിൽ അഹ്‌ലുസുന്നത്തിന്റെ



പ്രാമാണികരായ ഉലമാക്കളുടെ പ്രൗഢ ഗംഭീര ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുകയും വിശദീകരിക്കുകയും പഠിപ്പിക്കുകയും ഇൽമിയ്യായ ഒരു പൊളിച്ചെഴുത്തിന് നാന്ദികുറിക്കുകയും ചെയ്ത ഒരാളുണ്ട് കേരളത്തിൽ. അതാണ് ശൈഖ് അബൂത്വാരിഖ് സുബൈർ മുഹമ്മദ്(حفظه الله) എന്ന വ്യക്തിത്വം.

അഹ്‌ലുസ്സുന്നത്തിന്റെ അഖീദയിലും മൻഹജിലും ഊന്നിനിന്നു കൊണ്ട് അദ്ദേഹം നടത്തിയ ദർസുകൾ ഉൾകൊള്ളാൻ കഴിയാത്ത ഒരു വിഭാഗം മുജാഹിദ് സുഹൃത്തുക്കളും മറ്റു സംഘടനാപ്രവർത്തകരും സംഘടനയില്ലാത്ത കാപട്യത്തിന്റെ മുഖംമൂടി അണിഞ്ഞവരും ഇയ്യിടെയായി അദ്ദേഹത്തെ ബുദ്ധിമുട്ടിക്കാനും കൊച്ചാക്കാനുംവേണ്ടി നടത്തുന്ന ഹീനമായ ശ്രമങ്ങൾ കാണുമ്പോൾ അല്ലാഹുവിൽ വിശ്വസിക്കുകയും, നേതാവായി റസൂൽ (صلى الله عليه وسلم)യെ പിൻപറ്റുകയും, ദീനായി ഇസ്‌ലാമിനെ അംഗീകരിക്കുകയും ചെയ്യുന്ന ഒരു സാധാരണ മുസ്‌ലിമിന്ന് വേദനിക്കാതിരിക്കാൻ കഴിയില്ല.

അദ്ദേഹത്തിന്റെ ദഅ്‌വാ പ്രവർത്തനങ്ങൾ ചില ദുഷ്ടൻമാരുടെ ചെയ്തികൾകൊണ്ട് നിന്നുപോകും എന്ന അവസ്ഥ സംജാതമായപ്പോൾ അതിൽ സന്തോഷം പ്രകടിപ്പിക്കുകയും ദുഷ്ടന്മാർക്ക് രഹസ്യമായും പരസ്യമായും സഹായിക്കുകയും ചെയ്ത ആളുകൾ മനസ്സിലാക്കാതെപോയ ഒരു സത്യമുണ്ട്. സംഘടനകൾ പരിചയപ്പെടുത്തിയ അതിന്റെ നേതാക്കൻമാർക്കുമപ്പുറം മതപരമായ അറിവിന്റെ വാഹകർ വേറെയുമുണ്ടെന്നും സത്യസന്ധരും നിസ്വാർത്ഥരുമായ ഉലമാക്കളെയാണ് മതപരമായ കാര്യങ്ങളിൽ തീർപ്പുകൽപ്പിക്കാൻ അവലംബിക്കേണ്ടതെന്നും കേരളക്കാരെ പരിചയപ്പെടുത്തിയ വ്യക്തിത്വം. സംഘടനാ തമ്പുരാക്കളിൽ പലരും അതിന്റെ കർമ്മകുശലരായ അണികളിൽ ചിലരും അറിഞ്ഞോ അറിയാതെയോ ആ വ്യക്തിയെ ആശ്രയിച്ചിട്ടുണ്ട് എന്ന കാര്യം രഹസ്യമല്ല.

ഇസ്‌ലാഹി കേരളത്തിന്റെ നൂറുവർഷത്തെ ചരിത്രത്തിലെവിടെയും മുസ്‌ലിം ബഹുജനങ്ങൾ ഒരിക്കലും അനുഭവിച്ചിട്ടില്ലാത്ത തൗഹീദിന്റേയും സുന്നത്തിന്റേയും നീരൊഴുക്കുകൾ നിലച്ചുപോകുന്നതിൽ



പിശാചുക്കൾക്ക് മാത്രമേ സന്തോഷിക്കാൻ കഴിയുകയുള്ളൂ.!

ഏതാണ്ട് കഴിഞ്ഞ പത്തുവർഷത്തിനിടയിൽ അഹ്‌ലുസ്സുന്നത്തിന്റെ വിശ്വാസ സംഹിതകൾ വിശദീകരിക്കുന്ന അഖീദതുത്ത്വഹാവിയ്യ, അഖീദതുൽ വാസിത്വിയ്യ, അഖീദതുറാസിയ്യെൻ, ഇമാം അഹ്മദുബിൻ ഹമ്പൽ(رحمه الله)യുടെ ഉസൂലുസുന്നഃ, ഇമാം ബർബഹാരി(رحمه الله)യുടെ ശർഹുസുന്നഃ, ഇമാം മുഹമ്മദ് ബിൻ അബ്ദുൽ വഹാബ്(رحمه الله)യുടെ കിതാബുത്തൗഹീദ്, മസാഇലുൽ ജാഹിലിയ്യ, ഉസൂലുസ്സലാസ, അൽഖവാഇദുൽ അർബഅഃ തുടങ്ങിയവയും ശൈഖ് അൽബാനി(رحمه الله)യുടെ സ്വിഫതുസ്വലാത്തിന്നബി, അഹ്കാമുൽ ജനാഇസ് തുടങ്ങി അഖീദത്തു അഹ്‌ലിസ്സുന്നഃ, അൽകലിമുത്ത്വയ്യിബ്, അർബഈൻ അന്നവവിയ്യ തുടങ്ങിയവയും, അഖ്‌ലാനിയ്യത്തിൽ രൂപപ്പെടുത്തിയ ഇസ്‌ലാഹിയ്യത്ത് സലഫിയ്യത്തല്ല എന്ന പഠനാർഹമായ ദർസും, ഖുർആൻ പഠനത്തിന് ഒരു മുഖവുര എന്ന ഖുർആൻ തഫ്സീർ ദർസുകളും, പിന്നെ ഒരുപാട് പഠനാർഹമായ ദർസുകളും സമഗ്രമായി കേരള മുസ്‌ലിംകൾക്ക് സമർപ്പിച്ചത് മുജാഹിദുകളിലെ എല്ലാ വിഭാഗവും ഇപ്പോൾ പരിഹസിച്ചുകൊണ്ടിരിക്കുന്ന ശൈഖ് അബൂത്വാരിഖ് സുബൈർ മുഹമ്മദ് എന്ന് അറബീ ഉലമാക്കൾ വിളിക്കുന്ന സാക്ഷാൽ സുബൈർ മങ്കടയാണ്.

സംഘടനാ സംവിധാനമോ, പ്രാദേശിക മേഖലാ ജില്ലാതല യൂനിറ്റുകളും മറ്റു ഭൗതിക സംവിധാനങ്ങളോ സൗകര്യങ്ങളോ ഇല്ലാതെ ഇൽമും അതിന്റെ അഹ്‌ലുകാരും ഉലമാക്കളുമായി മാത്രം സഹവസിച്ചും സഹകരിച്ചുമുള്ള യഥാർത്ഥ സലഫീദഅ്‌വത്ത് മലയാളക്കരയിൽ പുനരുജ്ജീവിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് നിസ്തുലവും നിസ്സീമവുമാണ്. അത് തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്യണമെങ്കിൽ ഇസ്‌ലാം ദീനും ദഅ്‌വത്തും എന്താണെന്നും അഹ്‌ലുസ്സുന്നത്തിന്റെ ഉലമാക്കൾ ആരാണെന്നും തിരിച്ചറിയണം. അത് സാധ്യമാവാത്ത കാലത്തോളം ഇവിടെയുള്ള എല്ലാ സംഘടനക്കാരും അദ്ദേഹത്തെ പരിഹസിക്കുകയും കൊച്ചാക്കുകയുംചെയ്യും.

എല്ലാ ഭൗതിക സംവിധാനങ്ങളും

ഉണ്ടായിട്ടും അഹ്ലുസ്സുന്നത്തിന്റെ കിതാബുകൾ വേണ്ടവിധം കേരളമുസ്‌ലിംകളുടെ സംവേദനത്തിന് പരിചയപ്പെടുത്താത്ത മുജാഹിദ് പ്രസ്ഥാനവും അതിന്റെ ആശാന്മാരും ഇപ്പോൾ മൗലവിയുടെ ദഅ്‌വത്തിനെ പരിഹസിക്കുന്നതിന് പകരം ഈ കൈത്തിരി അണഞ്ഞുപോകുന്നതിൽ വേദന പങ്കുവെക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്.

ഒരുകാര്യം ഉറപ്പുണ്ട്. സുബൈർ മങ്കട ചെയ്ത സേവനങ്ങൾ തെറ്റായിരുന്നെന്ന് തെളിവുസഹിതം നെഞ്ചുവിരിച്ച് പറയാൻ ഒരൊറ്റ മുജാഹിദുകാരനും നട്ടെല്ലില്ല എന്ന സത്യം.

അഖ്‌ലാനിയ്യത്ത് തലക്കുപിടിച്ച് ഇസ്‌ലാഹിയ്യത്തിനെ സലഫിയ്യത്താക്കി തെറ്റിദ്ധരിപ്പിക്കുന്ന കേരളത്തിലെ എല്ലാ ഗ്രൂപ്പുകളും, അഹ്ലുസ്സുന്നത്തിന്റെ അഖീദയും മൻഹജും പണ്ഡിതൻമാരുടെ പിൻബലത്തോടെ പ്രമാണബദ്ധമായി ദർസുകൾ നടത്തുന്ന അബൂത്വാരിഖ് സുബൈർ മുഹമ്മദ്(حفظه الله)യെ പരിഹസിക്കുന്നതിൽ നമുക്ക് അത്ഭുതം തോന്നേണ്ടതില്ല.

അല്ലാഹുവേ, വിവരമില്ലാത്ത ഈ ആളുകൾക്ക് നീ പൊറുത്തുകൊടുക്കേണമേ, നിന്റെ ദീൻ അതിന്റെ ശരിയായ സ്രോതസ്സിൽ നിന്ന് (ഖുർആനും സുന്നത്തും അത് മനസ്സിലാക്കാൻ സ്വഹാബത്തിന്റെ ഫഹ്മും) സ്വീകരിക്കുന്ന നിന്റെ യഥാർത്ഥ അടിമകളിൽ ഞങ്ങളെ എല്ലാവരേയും നീ ഉൾപ്പെടുത്തി അനുഗ്രഹിക്കേണമേ, സത്യം സത്യമായി തിരിച്ചറിഞ്ഞ് അത് ഉൾകൊള്ളാനുള്ള തൗഫീഖ് നൽകേണമേ, ആമീൻ.

## ശൈഖ് അബൂത്വാരിഖ് സുബൈർ മുഹമ്മദ് (حفظه الله)ക്ക് തസ്കിയ നൽകിയ ഉലമാക്കളിൽ പ്രധാനപ്പെട്ട മറ്റു ചിലർ

1. ശൈഖ് റബീഅ് ബിൻ ഹാദീ അൽ മദ്ഖലീ (حفظه الله)
2. ശൈഖ് അഹ്മദു ബിൻ ഉമർ ബാസ്മൂൽ(حفظه الله)
3. ശൈഖ് അഹ്മദു ബിൻ ഹുസൈൻ അസ്സുബൈഈ (حفظه الله)
4. ശൈഖ് അബൂഉഥ്മാൻ മുഹമ്മദ് അൽ അഞ്ചരീ (حفظه الله)



## ശൈഖ് അബൂത്വാരിഖ് സുബൈർ മുഹമ്മദ് (حفظه الله) നടത്തിയ ദർസുകളിൽ നിന്ന്

1. എന്തുകൊണ്ട് ഇസ്‌ലാം തന്നെ സ്വീകരിക്കണം
   എങ്ങിനെ ഇസ്‌ലാം സ്വീകരിക്കാം
2. ഈമാനിന്റെ ആധാരങ്ങൾ
3. ഇതാണ് നമ്മുടെ ദഅ്‌വത്ത് (തൗഹീദ്, തഖ്ദീർ, തവക്കുൽ)
4. ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങൾ ഓരോമുസ്‌ലിമും അനിവാര്യമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ
5. മുസ്‌ലിം ഐക്യം
6. മനുഷ്യരോടുള്ള അല്ലാഹുവിന്റ വസ്വിയ്യത്ത്.
7. ഉസൂലുസ്സുന്നഃ ഇമാം അഹ്മദ് ബിൻ ഹമ്പൽ (رحمه الله)
8. അഖീദത്തുത്ത്വഹാവിയ്യ ഇമാം അത്ത്വഹാവീ (رحمه الله)
9. അഖീദത്തുൽ വാസിത്വിയ്യ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (رحمه الله)
10. അഖീദത്തുർറാസിയ്യൈൻ
11. കിത്താബുത്തൗഹീദ് ഇമാം മുഹമ്മദ് ബിൻ അബ്ദിൽ വഹാബ (رحمه الله)
    (തുടർന്നുകൊണ്ടിരിക്കുന്നു 60 ദർസുകൾ കഴിഞ്ഞു)
12. സ്വിഫതു സ്വലാത്തിന്നബി (നബി صلى الله عليه وسلمയുടെ നമസ്കാരം) ഇമാം അൽബാനീ (رحمه الله)
13. അഹ്കാമുൽ ജനാഇസ് ഇമാം അൽബാനീ (رحمه الله) (മയ്യിത്തുമായി ബന്ധപ്പെട്ട വിധി)
14. അൽകലിമുത്ത്വയ്യിബ് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ (رحمه الله) (ജീവിതത്തിൽ അനിവാര്യം അറിഞ്ഞിരിക്കേണ്ട ദിക്ർ ദുആകൾ)
15. ഹിൽയതുത്വാലിബിൽ ഇൽമ്
16. ഖുർആൻ വിവരണത്തിന് ഒരു മുഖവുര തഫ്സീറുൽ ഖുർആൻ ഫാതിഹ, (അന്നാസ് മുതൽ അൽ അഅ്‌ലാവരെ)
17. അഖീദതു അസ്ഹാബിൽ ഹദീഥ്
18. അഖീദതു അഹ്‌ലിൽ ഹഖ്
19. ശുറൂത്വു ലാഇലാഹ ഇല്ലല്ലാഹ്
20. ഈമാനിൽ വരുന്ന ഏറ്റക്കുറച്ചിൽ
21. തൗബ
22. ഇൽഹാദ്
23. മസാഇലുൽ ഉലൂഹിയ്യ
24. അഹ്ലുസ്സുന്നഃ: അഖീദയും മൻഹജും



25. മൻഹജുസ്സലഫ് (വിവിധസ്ഥലങ്ങളിലുള്ള ഒരുപാട് ദർസുകൾ)
26. അഹ്ലുസുന്നയുടെ അഖീദ:
27. ദഅ്‌വത്തിന്റെ മാധ്യമങ്ങൾ
28. ജിന്ന് സിഹ്റ് അഹ്ലുസ്സുന്നയുടെ നിലപാട്
29. ഇസ്‌ലാഹിയ്യത്ത് സലഫിയ്യത്തല്ല
30. മാസപ്പിറവി (മാസപ്പിറവിയും മുസ്‌ലിം ഐക്യവും ആചാരങ്ങളും)
31. തിരുശേഷിപ്പുകൾകൊണ്ട് തബർറുക്ക് എടുക്കുന്നതിലെ ഇസ്‌ലാമിക വിധി.
32. മുൻഗാമികളുടെ (سلف) ഇൽമിന്റെ ശ്രേഷ്ഠത
33. മസീഹുദ്ദജ്ജാൽ
34. ഇസ്റാഅ് മിഅ്റാജ്
35. ഹഖീഖതുസ്സൗം(നോമ്പിന്റെ യാഥാർത്ഥ്യം)
36. സക്കാത്ത്
37. ഹജ്ജ്, ഉംറ
38. ശറഹ് ഹദീസ് ഹുദൈഫ (رضي الله عنه)- (മുസ്‌ലിം ഉമ്മത്തിലെ കക്ഷികളും അതിൽ സ്വീകരിക്കേണ്ട നിലപാടും)
39. ഇൽമുമായി ബന്ധപ്പെട്ട ദർസുകൾ
    1) ഇൽമ് തേടൽ, 2) ഇൽമിന്റെ ശ്രേഷ്ഠത, 3) ഇൽമിന്റെ വാഹകർ
40. വസ്വായ ഫിൽ മൻഹജ്
41. ഉസൂലുസ്സലാസ, ഖവാഇദുൽ അർബഅഃ, സിത്തതു ഉസൂൽ } തുടങ്ങി ശൈഖ് മുഹമ്മദ്ബിൻ അബ്ദുൽ വഹാബ് (رحمه الله) യുടെ കിതാബുകൾ
42. തഖ്‌വല്ലാഹ്
43. വ്യതിയാനങ്ങളും വീഴ്ചകളും: അഹ്സ്സുന്നത്തിന്റെ നിലപാട്
44. തഫ്സീർ സഅദീ(رحمه الله) ചില സൂറത്തുകളുടെ തഫ്സീർ
45. മുസ്‌ലിം സ്ത്രീയുടെ വസ്ത്രധാരണം
46. കുടുംബ ജീവിതം നസ്വീഹത്ത്
47. മുസ്‌ലിം സ്ത്രീകളോടുള്ള നസ്വീഹത്തുകൾ
48. ഇൽമിന്റെ താൽപര്യം അതുകൊണ്ട് അമൽ ചെയ്യുക എന്നതാണ്
49. ഭരണാധികാരികളോടു പാലിക്കേണ്ട മര്യാദകൾ
50. മാതാപിതാക്കളോടുള്ള കടമകൾ (ഇമാം ബുഖാരിയുടെ അദബുൽ മുഫ്റദിൽ നിന്ന്)
51. യദുല്ലാഹി അലൽ ജമാഅഃ
52. അർബഈനന്നവവിയ്യ (ഇമാം നവവിയുടെ 40 ഹദീസുകൾ)
53. ഹിമായത്തുൽ മുസ്തഫാ ലിജനാബിത്തൗഹീദ്
54. മജാലിസു മുദാറസത്തിൽ ഖുർആൻ (സൂ: ഹുജുറാത്ത്)



കൂടാതെ നിരവധി ദൗറകളിൽ ഉലമാക്കളുടെ ദർസുകൾ മൗലവി വിവർത്തനം ചെയ്തിട്ടുമുണ്ട്.

ഇതുകൂടാതെ അബൂത്വാരിഖ് സുബൈർ മുഹമ്മദ്(حفظه الله)യുടെ കൂടെ കേരളത്തിൽ പല സ്ഥലങ്ങളിലും അബൂതൈമിയ്യ ഹനീഫ്(حفظه الله), അബുസ്വലാഹ് അബ്ദുൽകരീം അമാനി(حفظه الله) എന്നിവരുടെ ദർസുകളും അല്ലാഹുവിന്റെ തൗഫീഖോടുകൂടി ഇപ്പോഴും നടന്നു വരുന്നു. അൽഹംദുലില്ലാഹ്.

ദർസുകളെ കുറിച്ചുള്ള
കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക:

www.ilmussalaf.com
radio.ilmussalaf.com